# കേരളം

## കേരളത്തിലെ നദികൾ




* കേരള സർക്കാരിന്റെ കണക്കനുസരിച്ച് 15 കിലോമീറ്ററിൽ കൂടുതൽ നീളമുള്ള ജല പ്രവാഹങ്ങളെയാണ് നദികളായി കണക്കാക്കുന്നത്.
* കേരളത്തിൽ പടിഞ്ഞാറോട്ടൊ ഴുകുന്ന 41 നദികളും കിഴക്കോട്ടൊ ഴുകുന്ന മൂന്ന് നദികളും ഉണ്ട്.
* പടിഞ്ഞാറോട്ടൊഴുകുന്ന നദികളിൽ ഒട്ടുമുക്കാലും പശ്ചിമഘട്ട ത്തിൽനിന്നാണ് ഉൽഭവിക്കുന്നത്. ഈ നദികളെല്ലാം നേരിട്ടോ കായലുകളിലൂടെയോ അറബിക്കടലിൽ പതിക്കുന്നു.
* നൂറുകിലോമീറ്ററിൽ കൂടുതൽ നീളമുള്ള പത്ത് നദികൾ കേരളത്തിലുണ്ട്. 244 കി.മീ. നീളമുള്ള പെരിയാറാണ് ഏറ്റവും നീളം കൂടിയ നദി. ഭാരതപ്പുഴ(209 കി.മീ.), പമ്പ(176 കി.മീ.), ചാലിയാർ(169 കി.മീ.) എന്നീവയാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ.

*പ്രാചീനകാലത്ത്ചൂർണിയെന്നറിയപ്പെട്ടിരുന്ന പെരിയാറിന്റെ ഉൽഭവം ശിവഗിരി മലയിൽനിന്നാണ്. ആലുവാപ്പുഴയെന്നും പെരിയാറിനെ വിളിക്കാറുണ്ട്. കേരളത്തിലെ ഏറ്റവും ജലസമൃദ്ധമായ നദി കൂടിയാണിത്.

* മുതിരപ്പുഴയിലാണ് കേരളത്തിൽ സർക്കാരിന്റെ ആദ്യ ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ 1940-ൽ പ്രവർത്തനമാരംഭിച്ചത്. ഇത് പെരിയാറിന്റെ പോഷകനദിയാണ്.
* കേരളത്തിൽ ഏറ്റവും കൂടുതൽ ജലവൈദ്യുതപദ്ധതികൾ സ്ഥാപിച്ചിരിക്കുന്നത് പെരിയാറിലാണ്. വൈദ്യുതി ഉൽപാദനത്തിലും നദിക്ക് ഒന്നാം സ്ഥാനമുണ്ട്.
* ഇടുക്കി അണക്കെട്ട് പെരിയാർ നദീവ്യൂഹത്തിലാണ്. കുറവൻ-കുറത്തി മലനികൾക്കിടയിലാണിത്.
* ഇടുക്കി ഡാമിന്റെ സൈറ്റ് നിർദേശിച്ച ആദിവാസിയാണ് കൊലുമ്പൻ.
* ഇടുക്കി പദ്ധതിക്ക് സഹായിച്ച രാജ്യം കാനഡ.
* ശിവരാത്രിയാഘോഷത്തിനു പ്രസിദ്ധമായ ആലുവ, അദ്വൈതമതസ്ഥാപകൻ ശ്രീശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി എന്നീവ പെരിയാറിന്റെ തീരത്തുള്ള പ്രധാന പട്ടണങ്ങളാണ്.
* ആലുവയിലെത്തുന്നതോടെ ഈ നദി മംഗലപ്പുഴ, മാർത്താണ്ഡൻപുഴ എന്നിങ്ങനെ രണ്ടായി പിരിയുന്നു. മാർത്താണ്ഡൻപുഴ വരാപ്പുഴക്കായലിൽ പതിക്കുമ്പോൾ, മംഗലപ്പുഴ പുത്തൻവേലിക്കരയിൽവച്ച് ചാലക്കുടിയാറിൽച്ചേരുന്നു.
* ദൈർഘ്യത്തിലും വലുപ്പത്തിലും രണ്ടാം സ്ഥാനമുള്ള ഭാരതപ്പുഴയുടെ നീളം 209 കി.മീ. ആണ്.
* ‘നിള’, ‘പേരാർ’എന്നീ പേരുകളിലും അറിയപ്പെടുന്ന നദിയുടെ ഉൽഭവം ആനമലയിലാണ്. തുടക്കത്തിൽ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലൂടെ ഒഴുകുന്ന ഈ നദി കേരളത്തിൽ പ്രവേശിച്ച് പാലക്കാട്, മലപ്പുറം തൃശ്ശൂർ എന്നീ ജില്ലകളിലൂടെ ഒഴുകി പൊന്നാനിക്ക് വടക്കുഭാഗത്തുവച്ച് കടലിൽച്ചേരുന്നു. പൊന്നാനിപ്പുഴയെന്നും ഭാരതപ്പുഴയ്ക്ക് പേരുണ്ട്.
* ചരിത്രപ്രസിദ്ധമായ മാമാങ്കം അരങ്ങേറിയിരുന്നത് ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായ മണപ്പുറത്തുവച്ചായിരുന്നു.
* മഹാത്മാഗാന്ധി, ജവാഹർലാൽ നെഹ്രു, ലാൽ ബഹാദൂർ ശാസ്ത്രി എന്നീ ദേശീയ നേതാക്കളുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ നിക്ഷേപിച്ചതും തിരുനാവാ യയിലാണ്.
* പ്രാചീനകാലത്ത് ബാരിസ് എന്ന പേരിലറിയപ്പെട്ടിരുന്ന നദിയാണ് ‘ദക്ഷിണ ഭാഗീരഥി’യായ പമ്പ.
* പമ്പ ഉറവപൊട്ടുന്നത് പുലച്ചിമലയിൽനിന്നാണ്.
* 176 കി.മീ. നീളമുള്ള പമ്പ ജനസാന്ദ്രതയേറിയ മധ്യ-തിരുവിതാംകൂർ, കുട്ടനാട് മേഖലയിലൂടെ ഒഴുകി വേമ്പനാട് കായലിൽ പതിക്കുന്നു.
* ശബരിഗിരി പദ്ധതി പമ്പയിലാണ്.
* ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവ മതസമ്മേളനമായ മാരാമൺ കൺവെൻഷനും പ്രസിദ്ധമായ ചെറുകോൽപ്പുഴ ഹിന്ദു മതസമ്മേളനവും പമ്പയുടെ തീരത്തുവച്ചാണ് നടക്കുന്നത്. ആറന്മുള, ചെങ്ങന്നൂർ, എടത്വാ എന്നീ മതപരമായി പ്രാധാന്യമുള്ള സ്ഥലങ്ങളും പമ്പയുടെ തീരത്താണ്.
* ബേപ്പൂർപ്പുഴയെന്നും അറിയപ്പെടുന്ന ചാലിയാർ തമിഴ്നാട്ടിലെ ഇളമ്പലേരിക്കുന്നുകളിൽനിന്നാണ് ഉൽഭവിക്കുന്നത്. 169 കി.മീ. നീളമുള്ള ചാലിയാർ ഫറൂക്ക് പട്ടണത്തിനടുത്ത്വച്ച് കടലിൽപ്പതിക്കുന്നു.
* അഗസ്ത്യമലയിൽ നിന്നുൽഭവിച്ച് അറബിക്കടലിൽപ്പതിക്കുന്ന നെയ്യാറാണ് കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തുള്ള നദി.
* ഏറ്റവും വടക്കേയറ്റത്തെ നദി മഞ്ചേശ്വരം പുഴയാണ്. കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദി കൂടിയായ ഇത് കർണാടക അതിർത്തിയിലുള്ള ബാലെപ്പൂണി കുന്നുകളിൽ ഉൽഭവിക്കുന്നു. 16 കി.മീ. ദൂരം പിന്നിട്ടശേഷം ഉപ്പളക്കായലിൽ ലയിക്കുന്നു.
* കടലിൽപ്പതിക്കുന്ന നദികളിൽ ഏറ്റവും ചെറുത് രാമപുരം പുഴയാണ് (19 കി.മീ.).
* കബനി, ഭവാനി, പാമ്പാർ എന്നീ മൂന്ന് നദികൾ കിഴക്കോട്ടാണൊഴുകുന്നത്. മൂന്നു നദികളും കാവേരിയുടെ പോഷകനദികളാണ്.
* കബനി കർണാടകത്തിലേക്ക് ഒഴുകുന്നു. മറ്റുരണ്ടും തമിഴ്നാട്ടിലേക്കാണ് ഒഴുകുന്നത്.

### പ്രധാന വസ്തുതകൾ

* ധർമടം ദ്വീപ് സ്ഥിതി ചെയ്യുന്നത് അഞ്ചരക്കണ്ടിപ്പുഴയിലാണ്.
* മീനച്ചിലാർ കോട്ടയം ജില്ലയിലെ പ്രധാന നദിയാണ്.
* മൂന്നാറിൽ സംഗമിക്കുന്ന നദികളാണ് മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നിവ.
* ആറന്മുള വള്ളം കളി നടക്കുന്നത് പമ്പാ നദിയിലാണ്
* ആതിരപ്പള്ളി വെള്ളച്ചാട്ടം ചാലക്കുടിപ്പുഴയിലാണ്
* കബനി നദിയിലാണ് കുറുവദ്വീപ്.
* തേക്കടി വന്യജീവിസങ്കേതം പെരിയാർ നദിയുടെ തീരത്താണ്.
* സൈലന്റ് വാലിയിലൂടെ ഒഴുകുന്ന പുഴയാണ് കുന്തിപ്പുഴ.
* ഭാരതപ്പുഴയുടെ പോഷക നദിയാണ് തൂത്തപ്പുഴ.
* പെരിയാറിന്റെ പോഷകനദിയാണ് മുതിരപ്പുഴ.
* നെയ്യാറിന്റെ തീരത്താണ് ശ്രീനാരായണഗുരു അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തിയത്.
* അരുവിക്കര ഡാം കരമനയാറിലാണ്.
* കൽപ്പാത്തിപ്പുഴ, ഭാരതപ്പുഴയുടെ പോഷക നദിയാണ്.
* ചെങ്കുളം പദ്ധതി മുതിരപ്പുഴയിലാണ്.
* കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ നദികളൊഴുകുന്നത് കാസർകോട് ജില്ലയിലാണ്.
* ഷോളയാർ അണക്കെട്ട് ചാലക്കുടിപ്പുഴയിലാണ്.
* പാത്രക്കടവ് പദ്ധതി കുന്തിപ്പുഴയിലാണ്.

### ചരിത്രമുഹൂർത്തങ്ങൾ

* ആലുവയിൽ ശ്രീനാരായണഗുരു സ്ഥാപിച്ച അദ്വൈതാശ്രമ ത്തിൽവച്ചാണ് 1924-ൽ ചേർന്ന മതസമ്മേളനത്തിൽവച്ച് ‘ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് ’ എന്ന സന്ദേശം ലോകത്തിനു നൽകിയത്.
* 1789-ൽ ഉത്തരകേരളം ആക്രമിച്ചു കീഴടക്കിക്കൊണ്ട് തെക്കോട്ടു നീങ്ങിയ ടിപ്പു സുൽത്താന്റെ ജൈത്രയാത്രയെ പിന്തിരിപ്പിച്ചത് പെരിയാറിലെ വെള്ള പ്പൊക്കമായിരുന്നു.

# കേരള നവോത്ഥാനം

## വാടപ്പുറം പി.കെ.ബാവ (1884-1938)

* കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലെ ആദ്യ രക്തസാക്ഷിയാണ് വാടപ്പുറം പി.കെ.ബാവ. തിരുവിതാംകൂറിലെ ആദ്യത്തെ ഘൊരാവോ സംഘടിപ്പിച്ച അദ്ദേഹം സ്ഥാപിച്ച ട്രാവൻകൂർ ലേബർ അസോസിയേഷനാണ് കേരളത്തിലെ ആദ്യത്തെ തൊഴിലാളി സംഘടന.
* ആലപ്പുഴ കളപ്പുര ക്ഷേത്രത്തിന് സമീപം പുന്നച്ചുവട് വീട്ടിൽ കൃഷ്ണന്റെയും നീലിയുടെയും മകനായി 1884 മാർച്ച് രണ്ടിന് ബാവ ജനിച്ചു. തറവാട് പരമ്പരാഗതമായി സമ്പന്നമായിരുന്നെങ്കിലും പിതാവിന്റെ അകാല വിയോഗത്തോടെ ക്ഷയിക്കാൻ തുടങ്ങി. മാതാവിന്റെയും ഏക സഹോദരിയുടെയും സംരക്ഷണം ചുമലിലായപ്പോൾ പതിനെട്ടാം വയസ്സിൽ ആലപ്പുഴയിലെ ഡാറാസ് മെയിൽ കയർ കമ്പനിയിൽ ഒരു തൊഴിലാളിയാകാൻ ബാവ പ്രേരിതനായി. പിന്നീടദ്ദേഹം മറ്റുചില കമ്പനികളിൽ ജോലി ചെയ്തശേഷം എമ്പയർ കയർ വർക്സിൽ മൂപ്പനും യാർഡ് സൂപ്രണ്ടുമായി. കമ്പനി ഉടമയായ അബ്ബാ സേട്ടിന്റെ സഹായത്തോടെ പിന്തുണയോടെ തൊഴിലാളി സംഘടനയുണ്ടാക്കി. അതിന്റെ സംസ്ഥാപന സമ്മേളനം 1922 മാർച്ച് 21-ന് ആലപ്പുഴയിൽ നടന്നു. ഡോ.എം.കെ.ആന്റണി പ്രസിഡന്റും ബാവ സെക്രട്ടറിയുമായി. തുടക്കത്തിൽ ലേബർ യൂണിയൻ എന്നറിയപ്പെട്ട സംഘടന പീന്നീട് ട്രാവൻകൂർ ലേബർ അസേസിയേഷനായി. ഈവക പ്രവർത്തനങ്ങളിൽ ബാവയ്ക്ക് ശ്രീനാരായണഗുരുവിന്റെ ആശിർവാദം ഉണ്ടായിരുന്നു. 1925-26 കാലത്ത് ബാവ ‘തൊഴിലാളി’ എന്നൊരു വാരിക നടത്തി.
* ശ്രീനാരായണഗുരുവിന്റെയും ടി.കെ.മാധവന്റെയും ആരാധകനായിരുന്ന ബാവ മദ്യവർജനത്തായും ശ്രമം നടത്തി. ചെത്ത് ഉപേക്ഷിച്ചുവരുന്ന തൊഴിലാളികളെ കയറ്റുപായ് നിർമിക്കാൻ പഠിപ്പിച്ചു.



* 1938-ൽ ആലപ്പുഴയിൽ ഒരു കയർ പണിമുടക്കുമായി ബന്ധപ്പെട്ട് നേതാക്കൾ അറസ്റ്റിലായപ്പോൾ അവരെ വിട്ടുകിട്ടാൻ പ്രകടനം നടത്തി. തുടർന്നുണ്ടായ ഭീകര പൊലീസ് മർദ്ദനത്തിൽ ബാവ രക്തസാക്ഷിയായി.